ഗയം നൃപ: ക: പ്രതിയാതി കർമ്മഭിര്യജ്വാഭിമാനീ ബഹുവിദ്ധർമ്മ ഗോപ്താ
സമാഗതാശ്രീ: സദസസ്പതി: സതാം സത്സേവകോ$f$ന്യോ ഭഗവത് കലാമൃതേ (5-15-9)
യത്പ്രീണനാദ്ബർഹിഷി ദേവതിര്യങ് മനുഷ്യ വീരുത്തൃണമാവിരിഞ്ചാത്
പ്രിയേതസദ്യ: സ ഹ വിശ്വജീവ: പ്രീത: സ്വയം പ്രീതിമഗാദ്ഗയസ്യ (5-15-13)

ശുകമുനി തുടർന്നു: ഭരതന്റെ പുത്രനായ സുമതി ഋഷഭന്റെ കാലടികളെ പിന്തുടർന്നു. അദ്ദേഹത്തിന്റെ ആദ്യപുത്രനാണ് ദേവതാജിത്. പിന്നെയുണ്ടായവർ ദേവദ്യുമ്നൻ, പരമേഷ്ടി, പ്രതീഹൻ, പ്രതിഹാർത്തൻ, അജൻ, ഭുമൻ, ഉദ്ഗീതൻ, പ്രശ്ടാവൻ, വിഭു, പ്രതുസേനൻ, നക്തൻ എന്നിവരാണ്. നക്തന്റെ പുത്രനാണ് ഗയൻ. ഗയൻ ഭഗവാന്റെ ഒരു അംശാവതാരം തന്നെയായിരുന്നു. തികഞ്ഞ നിസ്വാർത്ഥയോടെ തന്റെ കടമകൾ നിറവേറ്റി ഹൃദയവും മനസ്സും നിർമ്മലമാക്കിയ ഗയൻ തന്റെ പ്രജകളെ എല്ലാ രീതിയിലും സംരക്ഷിച്ചുപോന്നു. പുറത്തെ ശത്രുക്കൾ മാത്രമല്ല, ആന്തരശത്രുക്കളായ വിശപ്പിൽ നിന്നും ദാഹത്തിൽനിന്നും പ്രജകൾക്ക് രക്ഷയേകി. കുറ്റകൃത്യങ്ങൾ ചെയ്യുമ്പോൾ ഉചിതമായി ശിക്ഷിച്ചും മാനസീകമായി തളരുമ്പോൾ നർമ്മം കൊണ്ടും നല്ലവാക്കുപദേശിച്ചും അദ്ദേഹം അവരെ തെറ്റായ ചിന്താമാർഗ്ഗത്തിൽ നിന്നും വ്യതിചലിപ്പിച്ചു. തന്റെ എല്ലാ കർമ്മങ്ങളും പൂജകളായി ഭഗവാൻ വിഷ്ണുവിന്റെ കാൽക്കൽ സമർപ്പിച്ച് അദ്ദേഹം ജനനമരണചക്രത്തിന്റെ ബന്ധനത്തിൽ നിന്നും മുക്തി നേടി. പരംപൊരുൾ തന്നെയാണല്ലോ ഭഗവാൻ. തികച്ചും ഭഗവദ്ബോധത്തിൽ മുങ്ങിനിന്ന ഗയന് ഞാൻ, എന്റേത് എന്ന ഭാവനകളുണ്ടായിരുന്നില്ല. തന്റെ രാജ്യത്തേയും പ്രജകളേയും ഏറ്റവും ഉന്നതമായ രീതിയിൽ നയിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹത്തെപ്പറ്റി ജ്ഞാനികൾ ഇങ്ങിനെ വാഴ്ത്തുന്നു.

"ഭഗവാൻ വിഷ്ണുവിന്റെ ഉത്തമഭക്തനും, വിജ്ഞാനിയും, ധർമ്മപരിപാലകനും, ഐശ്വര്യ പ്രതാപങ്ങളുടെ സുഹൃത്തും, സത്സംഗസമ്മേളനങ്ങളുടെ നായകനും, പുണ്യപുരുഷന്മാരുടെ ദാസനുമായ ഗയനു തുല്യമായി മറ്റാരുണ്ട് !"

ഗയന്റെ കിരീടധാരണദിവസം ദക്ഷപുത്രികളും പുണ്യനദികളുകടെ അധിദേവതമാരും അഭിഷേക ത്തിനെത്തിയിരുന്നു. ഗയന്റെ നന്മയിലും മഹത്വത്തിലും മതിമറന്ന് ഭൂമീദേവി തന്റെ മടിത്തട്ടിൽനിന്നും മധുരഫലങ്ങൾ പ്രജകൾക്ക് നൽകി. വൈദീകകർമ്മങ്ങൾക്ക്, ആവശ്യപ്പെടാതെ തന്നെ ഉന്നത ഫലങ്ങളുണ്ടായി. മറ്റുരാജാക്കന്മാർ ഗയനെ പ്രകീർത്തിക്കുകയും മാമുനിമാർ അദ്ദേഹത്തെ അനുഗ്രഹിക്കുകയും ചെയ്തു.

ഭഗവാൻ ഗയന്റെ ഭക്തിസാധനയിൽ പ്രസാദിച്ചു. ഭഗവൽപ്രസാദമുണ്ടായാൽപ്പിന്നെ മറ്റെല്ലാവരേയും പ്രസാദിപ്പിച്ചു എന്നർത്ഥം. ദേവന്മാരും മനുഷരും എന്നു വേണ്ട സൃഷ്ടാവു മുതൽ പുൽക്കൊടിവരെയുള്ള ജീവജാലങ്ങളെല്ലാം പ്രസാദിതരായി.

ഗയന്റെ മകനാണ് ചിത്രരഥൻ. പിന്നീട് സാമ്രാട്ട്, മരീചി, ബിന്ദുമാൻ, മന്തു, ഭൗവന, ത്വഷ്ട, വൃജ, എന്നിവരുമുണ്ടായി. അതിൽ വൃജന് നൂറ് പുത്രന്മാരും ഒരു പുത്രിയും. അവരിൽ ആദ്യത്തെയാൾ സത്യജിത്ത്. വൃജൻ തന്റെ വിജ്ഞാനത്താലും ഭരണനൈപുണ്യത്താലും പ്രിയവൃതന്റെ രാജവംശത്തിന് മഹത്വമേകി.